*➪ മുഖ്യധാരയിൽ നിന്നും വ്യത്യസ്തമായ വിനിമയമാണ് അത് നിർവ്വഹിക്കുന്നത് ➪*

**കേരളീയം ഡിജിറ്റൽ ആർക്കൈവ്**
**രണ്ട് സംവാദങ്ങൾ**

കേരളീയം ഡിജിറ്റൽ ആർക്കൈവ് പ്രകാശനത്തോടനുബന്ധിച്ച് (2014 മെയ് 8) നടന്ന സംവാദത്തിലെ രണ്ട് പ്രധാന സംഭാഷണങ്ങൾ കൂടുതൽ ചർച്ചകൾക്കായി പങ്കുവയ്ക്കുന്നു.

# ഡിജിറ്റൽ മാധ്യമങ്ങൾ എന്തുകൊണ്ട് അത്ര റാഡിക്കലല്ല ?

ഏത് സമാന്തര അച്ചടി മാധ്യമവും ഒരു വ്യക്തമായ ലൊക്കേഷനിലാണ് പ്രവർത്തിക്കുന്നത് എന്നതാണ് ഏറ്റവും പ്രസക്തമായ കാര്യം. ഡിജിറ്റൽ മാധ്യമങ്ങൾക്ക് അത്തരത്തിലുള്ള ഒരു ലൊക്കേഷനില്ല.

**■ ഡി. ദാമോദർ പ്രസാദ്**

**എഴുത്തുകാരനും** ആക്ടിവിസ്റ്റുമായ അച്യുത് യാഗ്നിക്കുമായി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ സിവിക് ചന്ദ്രൻ നടത്തിയ അഭിമുഖത്തിൽ ഗുജറാത്തിൽ ലിറ്റിൽ മാസികകൾ ഇല്ല എന്ന് അദ്ദേഹം പറയുന്നുണ്ട്. അതൊരു പ്രധാനപ്പെട്ട പ്രസ്താവനയാണ്. ഒരു ജനാധിപത്യത്തിൽ സിവിൽ സമൂഹം സജീവമായി നിൽക്കുന്നതിന്റെ തെളിവാണ് ലിറ്റിൽ മാസികകൾ. ഒരു ചെറിയ സമൂഹവുമായി മാത്രമാണ് സംവദിക്കുന്നതെങ്കിലും അതിന്റെ കർത്തവ്യം വളരെ പ്രധാനമാണ്. മുഖ്യധാരയിൽ നിന്നും വ്യത്യസ്തമായ വിനിമയമാണ് അത് നിർവ്വഹിക്കുന്നത്. ഏത് സമാന്തര അച്ചടി മാധ്യമവും ഒരു വ്യക്തമായ ലൊക്കേഷനിലാണ് പ്രവർത്തിക്കുന്നത് എന്നതാണ് ഏറ്റവും പ്രസക്തമായ കാര്യം. ഡിജിറ്റൽ മാധ്യമങ്ങൾക്ക് അത്തരത്തിലുള്ള ഒരു ലൊക്കേഷനില്ല. ഗുജറാത്തിൽ നരേന്ദ്രമോദിയുടെ രാഷ്ട്രീയത്തെ വിമർശിച്ചുകൊണ്ട് നിരവധി ഡിജിറ്റൽ സമാന്തര മാധ്യമങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മോദിക്കെതിരെ ശക്തമായ എഴുത്തുകൾ അവയിൽ വരുന്നുമുണ്ട്. പക്ഷെ കൃത്യമായ ഒരു ലൊക്കേഷൻ അത്തരം ഡിജിറ്റൽ മാധ്യമങ്ങൾക്കുണ്ടാകില്ല. കൃത്യമായ ലൊക്കേഷനിൽ നിന്നുകൊണ്ട് അച്ചടി മാധ്യമത്തിലൂടെ മോദിയെ വിമർശിക്കുക എന്നത് കുറച്ചുകൂടി റാഡിക്കലായ പ്രവർത്തിയാണ്. നേരിട്ട് സമൂഹത്തിൽ ഇടപെടുന്നതിന്റെ വ്യത്യാസം അതിനുണ്ട്. ഡിജിറ്റൽ മാധ്യമം ആ നിലയ്ക്ക് റാഡിക്കലാണെന്ന് പറയാൻ കഴിയില്ല.

വർഷങ്ങളായി അച്ചടിരൂപത്തിൽ കേരളീയം സമാഹരിച്ച ബദൽവിജ്ഞാനങ്ങളും മുഖ്യധാര കാണതെ പോകുന്ന വാർത്തകളും ഡിജിറ്റൽ മാധ്യമത്തിലൂടെ ലഭ്യമാക്കുന്നതിന് തീർച്ചയായും പ്രസക്തിയുണ്ട്. ജനകീയസമരങ്ങളിലൂടെ രൂപപ്പെട്ട അറിവുകളാണ് അവയിലേറെയും എന്നതിനാൽ അത്തരം അറിവുകളുടെ വിശാലമായ ഒരു നോളഡ്ജ് നെറ്റ്വർക്ക് ഉണ്ടാക്കിയെടുക്കാൻ അത് സഹായകമാകും. കേരളീയം അതിന്റെ ഉള്ളടക്കം ആർക്കും യഥേഷ്ടം ഉപയോഗിക്കാൻ നൽകുന്നുണ്ടെങ്കിലും അത് സോഷ്യൽമീഡിയ പോലെ ശില്യേമരശേല ആയിരിക്കില്ല. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ആക്ടിവിസ്റ്റുകൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. കേരളീയം ഡിജിറ്റൽ ആർക്കൈവിനും ആ മാധ്യമത്തെ ഉപയോഗിച്ച് interactive ആയ ഇടത്തേക്ക് ഈ ഉള്ളടക്കത്തെ എത്തിക്കാവുന്നതാണ്.

⇨ പുത്തൻ കോർപ്പറേറ്റ് മുതലാളിത്തത്തിന് ബദലുകളെപ്പോലും സ്വാംശീകരിക്കാൻ കഴിയുന്നുണ്ട് ⇨

സാമന്തര അച്ചടി മാധ്യമങ്ങൾ ഡിജിറ്റൽ മാധ്യമത്തെ എങ്ങനെയാണ് സ്വാംശീകരിക്കേണ്ടത് എന്നതാണ് ഇവിടെ ചർച്ച. സ്വാംശീകരണത്തിലൂടെ സംഭവിക്കുന്നതെന്താണ്? ഏത് ഏതിലേക്ക് സ്വാംശീകരിക്കപ്പെടുന്നു എന്നത് പ്രധാനമാണ്. സമാന്തര അച്ചടി മാസികകളുടെ പ്രവർത്തനം മാസിക പുറത്തിറക്കുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല. പലവിധത്തിലുള്ള പ്രവർത്തനങ്ങൾ അതിന്റെ ഭാഗമായി സംഭവിക്കുന്നുണ്ട്. കൃത്യമായ ലൊക്കേഷനിൽ നിന്നുകൊണ്ടുള്ള അതിന്റെ നടത്തിപ്പിൽ ഒരു ആക്ടിവിസമുണ്ട്. ഡിജിറ്റൽ മാധ്യമത്തിൽ അതില്ല. ആ വ്യത്യാസം അംഗീകരിച്ചേ മതിയാകൂ. എത്ര റാഡിക്കലായ ഉള്ളടക്കം നിർമ്മിച്ചാലും ഡിജിറ്റൽ മാധ്യമങ്ങൾക്ക് അതിന് കഴിയണമെന്നില്ല. ഗുജറാത്തിൽ ലിറ്റിൽ മാസികകളില്ല എന്ന് അച്യുത് യാഗ്നിക് പറയുമ്പോൾ അതാണ് വ്യക്തമാകുന്നത്. പുത്തൻ കോർപ്പറേറ്റ് മുതലാളിത്തത്തിന് ബദലുകളെപ്പോലും സ്വാംശീകരിക്കാൻ കഴിയുന്നുണ്ട്. ഒരു സമാന്തര പ്രസിദ്ധീകരണത്തെ വേണമെങ്കിൽ അതേ രൂപത്തിൽ ഏറ്റെടുക്കാനും നിലനിർത്താനും കോർപ്പറേറ്റുകൾക്ക് ഇന്ന് സാധ്യമാണ്. കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ടിന്റെ ഒരു ചെറിയ ഭാഗം മതി അതിന്. അതോടെ ബദലുകളെക്കുറിച്ച് അവർ സംസാരിച്ചുതുടങ്ങും. സമാന്തര മാധ്യമപ്രവർത്തനം ഒരു കോർപ്പറേറ്റ് വിരുദ്ധ ഇടപെടലാണെന്ന നിലവിലെ ധാരണ തന്നെ മാറ്റിമറിക്കപ്പെടാം. ടാറ്റയുടെ കൈയിൽ മൂന്നാർ ഇരിക്കുന്നതാണ് പരിസ്ഥിതി സംരക്ഷണത്തിന് നല്ലതെന്ന് ചില പരിസ്ഥിതി പ്രവർത്തകർ പോലും പറയുന്നതുപോലെയുള്ള സാഹചര്യം ബദലുകളുടെ കാര്യത്തിലും വന്നേക്കും. അത്രയ്ക്ക് യുക്തിസഹമായാണ് നവമുതലാളിത്തം പ്രവർത്തിക്കുന്നത്. അതിന്റെ പ്രലോഭനങ്ങളെ പ്രതിരോധിക്കുക പ്രയാസമാണ്. ആ സാഹചര്യം കൂടി കണക്കിലെടുത്താണ് സമാന്തര അച്ചടി മാധ്യമങ്ങൾ അതിന്റെ യഥാർത്ഥ ലൊക്കേഷനിൽ നിന്ന് പ്രവർത്തിക്കേണ്ടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുന്നത്. ഡിജിറ്റൽ മാധ്യമങ്ങൾക്ക് അത്ര കരുത്തില്ലെന്ന് അതിന്റെ എല്ലാ സാധ്യതകളെയും മാനിച്ചുകൊണ്ട് തന്നെ പറയട്ടെ.

# ഡിജിറ്റൽ ആർക്കൈവ് സമാന്തരധാരയ്ക്ക് ഒരു സാധ്യതയാണ്

## കെ.എച്ച്. ഹുസൈൻ

**കേരളീയം** മാസിക നടത്തുന്ന പാരിസ്ഥിതിക ഇടപെടുകൾക്ക് 16 വർഷത്തെ ചരിത്രമാണുള്ളത്. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വളർച്ചയിലെ നിർണ്ണായകഘട്ടം കൂടിയാണ് ഈ 16 വർഷങ്ങൾ. ഗൂഗിൾ രൂപീകൃതമായിട്ടും 16 വർഷങ്ങൾ പൂർത്തിയാവുകയാണ്. സാമൂഹിക പ്രവർത്തനം തീക്ഷ്ണമായ അനുഭവങ്ങളിലൂടെ കടന്നുപോവുകയും സങ്കീർണ്ണമായ വെല്ലുവിളികളെ നേരിടേണ്ടിവരുകയും ചെയ്യുന്ന ഒരു കാലം കൂടിയാണിത്. അത്തരം പല പ്രതിസന്ധികളെയും മറികടക്കുന്നതിനുള്ള സാഹചര്യം ഡിജിറ്റൽ സാങ്കേതികവിദ്യ ഇന്ന് പ്രദാനം ചെയ്യുന്നുണ്ട്. എല്ലാ നിയന്ത്രണങ്ങളെയും മറികടന്നുകൊണ്ട് ഒരു വിവരം ലോകത്തെ അറിയിക്കുന്നതിനും കൂട്ടംകൂടുന്നതിനുമുള്ള സാഹചര്യം ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ ഒരുക്കപ്പെട്ടിട്ടുണ്ട്. പല രൂപത്തിൽ ആ സാധ്യതയെ നമ്മൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ആർജ്ജിത വിജ്ഞാനത്തെ വികസിപ്പിക്കുന്നതിൽ വിവര സാങ്കേതികവിദ്യ വലിയ സംഭാവന നൽകി. വസ്തുതകളുടെ സംയോജനത്തിലൂടെ വിവരത്തിലേക്കും വിവരങ്ങളുടെ സംയോജനത്തിലൂടെ വിജ്ഞാനത്തിലേക്കും എന്ന തരത്തിൽ രേഖീയമായ ഒരു പ്രവർത്തനം നടക്കുന്നുണ്ട്. വിവരങ്ങൾ ശേഖരിച്ച് വയ്ക്കുന്നതിലും സംയോജിപ്പിക്കുന്നതിലും വലിയ മുന്നേറ്റം ഡിജിറ്റൽ സാങ്കേതികവിദ്യ കൈവരിച്ചിട്ടുണ്ട്. വിജ്ഞാനത്തിന്റെ ചരിത്രം നോക്കിയാൽ ഇത്തരത്തിൽ രേഖീയമായ ഒരു പ്രവർത്തനം നടക്കുന്നതായി നമുക്ക് കാണാൻ കഴിയും. 3000 വർഷം മുമ്പ് വാമൊഴികളിലൂടെയും വരകളിലൂടെയും പ്രചരിച്ച അറിവുകളെയാണ് 500 വർഷം മുമ്പ് ആരംഭിച്ച അച്ചടി പുതിയ രൂപത്തിൽ പ്രചരിപ്പിച്ച